# കോട്ടയം ഗ്രാമപഞ്ചായത്ത്

# ബജറ്റ് 2025–26

## ആമുഖം

കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2025–26 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ഈ ഭരണസമിതിക്ക് മുമ്പാകെ സമർപ്പിക്കുകയാണ്. ഇത് ഈ ഭരണസമിതിയുടെ കാലത്തെ അവസാന ബജറ്റാണ്. ബജറ്റ് അവതരണ യോഗത്തിൽ ആമുഖ പ്രസംഗം നടത്തിയ ബഹു: പഞ്ചായത്ത് പ്രസിഡണ്ട്, സെക്രട്ടറി, സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, പഞ്ചായത്ത് മെമ്പർമാർ, നിർവ്വഹണ ഉദ്യോഗസ്ഥന്മാർ, ജീവനക്കാർ, മാധ്യമപ്രവർത്തകർ, രാഷ്ട്രീയ പാർടി പ്രതിനിധികൾ, നിങ്ങൾ ഏവരേയും 2025–26 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അവതരണത്തിനായുള്ള പ്രത്യേക യോഗത്തിലേക്ക് സ്നേഹപൂർവ്വം ഞാൻ സ്വാഗതം ചെയ്യുന്നു. ബജറ്റിന് മുന്നോടിയായുള്ള ചർച്ചകളിൽ പങ്കെടുക്കുകയും സഹായ സഹകരണങ്ങൾ നല്കുകയും ചെയ്തിട്ടുള്ള മുഴുവൻ ആളുകൾക്കും ആദ്യമേ തന്നെ എന്റെ നന്ദി അറിയിക്കുന്നു.

ബഡ്ജറ്റ് എന്നത് പ്രോജക്ടുകളുടെയോ പദ്ധതികളുടെയോ യാന്ത്രികമായ കൂട്ടിച്ചേർക്കലുകളല്ല. ഒരു ജനതയുടെ സ്വപ്ന സാക്ഷാത്ക്കാരത്തിനുള്ള ഉപാധിയാണ്. പദ്ധതികളുടെ ജൈവപരമായ പരസ്പര ബന്ധം, നിർവ്വഹണത്തിലെ ജനപങ്കാളിത്തം ,സുതാര്യത എന്നിവ ഒത്തു ചേരുമ്പോഴാണ് സുസ്ഥിര വികസനം സാധ്യമാകുന്നത്. സുസ്ഥിര വികസനത്തിൻറെ പ്രഖ്യാപനമായാണ് ബഡ്ജറ്റിനെ കാണുന്നത് കഴിഞ്ഞ വാർഷിക ബഡ്ജറ്റിൽ നമ്മൾ ആസൂത്രണം ചെയ്ത പരിപാടികളും പദ്ധതികളും ഏറെക്കുറെ സമയബന്ധിതമായും ലക്ഷ്യാധിഷ്ഠിതമായും ഫലാധിഷ്ഠിതമായും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ സ്റ്റാൻറിംങ്ങ് കമ്മിറ്റിയിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങളും സ്ഥാപന മേധാവികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, പഞ്ചായത്ത്തല ആസൂത്രണസമിതി, വിഷയ മേഖലാ വിദഗ്ധർ എന്നിവരിൽ നിന്ന് ലഭിച്ച

നിർദ്ദേശങ്ങളും ബജറ്റ് തയ്യാറാക്കുന്ന വേളയിൽ പരിഗണിച്ചിട്ടുണ്ട് ലഭ്യമായ ഫണ്ടിൽ 100 ശതമാനം വിനിയോഗിക്കാനും കഴിഞ്ഞ വർഷം സാധിച്ചിട്ടുണ്ട്. ഈ നേട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും പ്രത്യേകം അഭിനന്ദിക്കുന്നു. നമ്മുടെ 2025-26 വാർഷിക പദ്ധതി ആസൂത്രണ നടപടി ക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. അടുത്ത ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ അംഗീകാരം ലഭിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്.

കേരളം കഴിഞ്ഞ വർഷം വരെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോയിരുന്നത്. കേന്ദ്രസർക്കാർ കടുത്ത സാമ്പത്തിക നിയന്ത്രണങ്ങളാണ് കേരളത്തിനുമേൽ അടിച്ചേൽപ്പിക്കുന്നത്. കേരളം കഴിഞ്ഞ വർഷം കണ്ട ഏറ്റവും വലിയ മഹാദുരന്തമായിരുന്നു വയനാട് ലാൻഡ് സ്ളൈഡിംങ്ങ്. വയനാടിലെ ഒരു പഞ്ചായത്തിലെ 2 വാർഡുകൾത്തന്നെ മുഴുവനായും ഒലിച്ചുപോകുകയും അനേകം പേർക്ക് ജീവൻ നഷ്ടപ്പെടുകയും നിരവധി പേരെ കാണാതാകുകയും ഒട്ടേറെ കുടുംബങ്ങൾ ഭവന രഹിതരാകുകയും ചെയ്തു കേരളം കണ്ട ഏറ്റവും വലിയ വിപത്ത് പ്രധാനമന്ത്രി നേരിട്ട് വന്ന് കണ്ടിട്ടും കേന്ദ്രസർക്കാരിൻറെ ഭാഗത്ത് നിന്ന് അനുകൂല നിലപാട് ഉണ്ടായിട്ടില്ല. കേരളമെന്താ ഇന്ത്യയിലല്ലേ എന്ന ചോദ്യം എല്ലാ കോണുകളിൽ നിന്നും ഉയരുകയാണ്. കേരളം ഈ കാലയളവിൽ നേടിയ നേട്ടങ്ങൾ നമ്മുക്ക് ഫണ്ട് തരുന്നതിന് തടസ്സമാകുന്നു എന്ന വാദമാണ് കേന്ദ്ര സർക്കാർ ഉയർത്തുന്നത്. ദുരന്ത പർവ്വങ്ങൾ താണ്ടിയാണ് വികസന രംഗത്ത് നാമിപ്പോൾ കുതിക്കുന്നത്. കൃത്യമായ ആസൂത്രണത്തിലൂടെ, ജനപിന്തുണയോടെ, കരുതലും പ്രതിരോധവും സമന്വയിപ്പിച്ച് കേരളത്തിന് ഈ ദുരന്തത്തെ പ്രതിരോധിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കോട്ടയം ഗ്രാമപഞ്ചായത്ത് അതിന്റെ പരിധികൾക്കുള്ളിൽ നിന്ന് കൊണ്ട് ആവുന്ന ധനസഹായം ഇതിലേക്കായി അടിയന്തിരമായി നല്കിയിട്ടുണ്ട്. ഈ പ്രതിസന്ധിക്കിടയിലും ജനങ്ങൾക്ക് ആശ്വാസം പകരുന്ന നിലപാടുകളാണ് സംസ്ഥാന ഗവൺമെൻറ് സ്വീകരിക്കുന്നത്. കേരളത്തിൻറെ തനത് വരുമാനം നല്ല രീതിയിൽ വർദ്ധിപ്പിച്ചുകൊണ്ടാണ് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ കടുത്ത സാമ്പത്തിക നിയന്ത്രണം സംസ്ഥാന ഗവൺമെൻറ് അതിജിവിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം ഈ വർഷത്തെ കേരള ബജറ്റിൽ കൂടുതലായി നല്കിയിട്ടുണ്ട്. ഈ വർഷത്തെ കേരള ബജറ്റ് ഗ്രാമീണ റോഡ്

വികസനത്തിനും ഉല്പാദന പ്രവർത്തനങ്ങൾക്കും ക്ഷേമ പ്രവർത്തനങ്ങൾക്കും അധിക തുക നൽകിക്കൊണ്ടാണ് കേരള ഗവൺമെന്റ് അവതരിപ്പിച്ചിട്ടുള്ളത്.

ഈ ഭരണ സമിതിയുടെ കാലഘട്ടത്തിലെ അവസാനത്തെ ബജറ്റ് അവതരണമാണിത്. ഈ ഭരണ സമിതിയുടെ കാലത്ത് ഒട്ടേറെ ലക്ഷ്യങ്ങൾ സാധ്യമാക്കമാൻ നമ്മുക്ക് സാധിച്ചിട്ടുണ്ട്. ധനകാര്യ പരിപാലനത്തിലെ നെടും തൂണാണ് ബജറ്റ്. കോട്ടയം ഗ്രാമപഞ്ചായത്തിനെ ബാലസൗഹൃദ തദ്ദേശ പഞ്ചായത്താക്കുക എന്ന ലക്ഷ്യം യാഥാർത്ഥ്യമാകുന്നതിന് വേണ്ടി കോട്ടയം പഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ഏടായിരുന്നു ചൈൽഡ് ബജറ്റ് അവതരണം. കണ്ണൂർ ജില്ലയിലെ ആദ്യത്തെ ചൈൽഡ് ബജറ്റ് അവതരണത്തിലൂടെ കുട്ടികളുടെ മേഖലയിൽ കൂടുതൽ തുക നീക്കിവെക്കാൻ കഴിഞ്ഞ ബജറ്റിൽ റിവിഷൻ നടത്തിക്കൊണ്ട് നമ്മുക്ക് സാധിച്ചിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതിയിലൂടെ കാർഷിക മേഖലയിൽ നാം നേടിയ നേട്ടങ്ങളെ നിലനിർത്തുന്നതിനും കോട്ടയം ഗ്രാമപഞ്ചായത്തിനെ പച്ചക്കറി, പാൽ, മുട്ട ഉൽപാദന രംഗത്ത് സ്വയം പര്യാപ്തതയിലേക്ക് നയിക്കാനും, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വേണ്ട പദ്ധതികളും ഈ വർഷത്തെ ബജറ്റിനകത്ത് വകയിരുത്തിയിട്ടുണ്ട്. വരും വർഷങ്ങളിൽ സ്വയം പര്യാപ്തത നേടണം എന്ന വ്യക്തമായ ലക്ഷ്യബോധത്തോടെയാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. അതിദരിദ്രരില്ലാത കോട്ടയം ഗ്രാമപഞ്ചായത്ത് എന്ന സ്വപ്നം യാഥാർത്ഥ്യ മാക്കുന്നതിന് അവശ്യമായ തുകകൾ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഭവനരഹിതരായ മുഴവൻ പേർക്കും വീട്ടും, ദാരിദ്യ നിർമ്മാർജ്ജനത്തിനും പുതിയ തൊഴിൽ സംരംഭങ്ങൾക്കും മുഴവൻ ഗ്രാമിണറോഡുകളുടെ അറ്റകുറ്റപ്പണിക്കും വികസനത്തിനും ഈ ബജറ്റ് ഊന്നൽ നൽകുകയാണ്. 14 വാർഡുകളിലുള്ള പാശ്ചാത്തല മേഖലയിലെ വികസനത്തിനും സാമൂഹ്യ സുരക്ഷക്കും വയോജന ക്ഷേമത്തിനും വിദ്യാഭ്യാസ രംഗത്തിനും ശുചിത്വ പരിപാലനത്തിനും കാർഷിക മേഖലയ്ക്കും ഈ ബജറ്റിൽ അർഹമായ പരിഗണന നല്കിയിട്ടുണ്ട്. നഗരവത്ക്കരിക്കപ്പെടുന്ന കോട്ടയത്തിന് പുതുതായി നിർമ്മാണം ആരംഭിക്കുന്ന കൺവെൻഷൻ സെനന്ററിന്റെ ആദ്യഘട്ട പ്രവർത്തിക്ക് ആവശ്യമായ തുക ഈ ബജറ്റിൽ വകയിരുത്തുന്നു. കോട്ടയം ഗ്രാമപഞ്ചായത്ത് എപ്രിൽ മാസം മുതൽ കെ സ്മാർട്ട് സോഫ്റ്റ് വെയറിലേക്ക് മാറുകയാണ്. അത് പ്രകാരം നമ്മുടെ എല്ലാ

സേവനങ്ങളും ഓൺലൈനായി മാറുകയാണ്. ജനങ്ങൾക്ക് ഓഫിസിലേക്ക് വരാതെത്തന്നെ എല്ലാ സേവനങ്ങളും ലഭിക്കാൻ പോകുകയാണ് എന്നത് വളരെയേറെ ഉപകാരപ്രദമാണ്. എല്ലാ മേഖലകളിലും കുട്ടികൾക്കായി തുക വകയിരുത്തുന്നുണ്ട് എന്നത് ഈ ബജറ്റിന്റെ സവിശേഷതയാണ്.

സ്വയംപര്യാപ്തമായ കോട്ടയം ഗ്രാമപഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്ക് കൂടുതൽ വിഭവ സമാഹരണം നാം കണ്ടത്തേണ്ടതുണ്ട്. ആയത് നാം നേരിടുന്ന വലിയ ഒരു വെല്ലുവിളിയാണ്. പഞ്ചായത്തിലെ മുഴുവൻ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുന്ന ബജറ്റ് ആണെന്ന് അവകാശപ്പെടുന്നില്ല. എന്നാൽ ഗ്രാമസഭയിൽ നിന്നും ഉയർന്നു വന്ന ആവശ്യങ്ങൾ പൊതുജനങ്ങൾ നേരിട്ടും അല്ലാതെയും നൽകിയ നിർദ്ദേശങ്ങൾ വിവിധ ജനവിഭാഗങ്ങളുമായി നടത്തിയ ചർച്ചകളിലെ പരാമർശങ്ങൾ എന്നിവയെല്ലാം ഈ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അതിനുപുറമെ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അനന്തമായ സാദ്ധ്യതയെ പ്രയോജനപ്പെടുത്തി ഉപജീവനത്തിനുള്ള വ്യക്തിഗത ആസ്തികൾ നിർമ്മിച്ച് നൽകിയും, നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് സ്ഥായിയായ നിർമ്മാണ പ്രവൃത്തകളും (റോഡ്, കുളം, കളിസ്ഥലങ്ങൾ, കെട്ടിടം) കാർഷിക മേഖലയിൽ നിലമൊരുക്കൽ നടത്തിയും മുന്നേറ്റമുണ്ടാക്കാനും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. അട്ടപ്പാടി മേഖലയിൽ നടത്തിയതു പോലെയുള്ള വികസന പ്രവർത്തനങ്ങൾ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ ഉപയോഗിച്ച് തനത് ഫണ്ട് വരുമാനം കുറഞ്ഞ പഞ്ചായത്തായ നമ്മുക്ക് മാതൃകയായി ഈ വർഷം നടപ്പിലാക്കുന്നതാണ്.

ജനാധിപത്യ സർക്കാറുകൾ ജനങ്ങളുടെ ക്ഷേമത്തിനും അതിജീവനത്തിനും സന്തോഷകരമായ ജീവിത സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും പ്രതിജ്ഞാബദ്ധമാകണം. ദീർഘ വീക്ഷണത്തോടെ പ്രകൃതി വിഭവങ്ങൾ വിനിയോഗിക്കുകയും വരും തലമുറയ്ക്ക് കൂടി ഉപയോഗ്യയോഗ്യമാകും വിധം, പരിസ്ഥിതിയേയും, ചുറ്റുപാടുകളെയും സംരക്ഷിക്കുന്നതിനും കരുതലോടെ പ്രവർത്തിക്കുകയും വേണം. ജനങ്ങളോട് അടുത്ത് നിൽക്കുന്നതും അവരവരുടെയും പ്രദേശത്തിന്റേയും പ്രശ്നങ്ങൾ അടുത്ത് നിന്ന് മനസ്സിലാക്കുന്നതുമായ ജനാധിപത്യ ഭരണസംവിധാനം എന്ന നിലയിൽ ഗ്രാമപഞ്ചായത്തുകൾക്ക് വളരെയേറെ

ഉത്തരവാദിത്വവും പ്രാധാന്യവുമുണ്ട്. കോട്ടയം ഗ്രാമപഞ്ചായത്തിന് പ്രകൃതി വിഭവങ്ങൾ വളരെ കുറവായതിനാൽ തനത് ഫണ്ട് കണ്ടെത്തുന്നത് വലിയ ഒരു വെല്ലുവിളിയാണ്. കൂടുതൽ പുതിയ ചെറുകിട സംരംഭങ്ങൾ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയാൽ മാത്രമേ നമ്മുക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും അത് വഴി നമ്മുടെ തനത് വരുമാനം വർദ്ധിപ്പിക്കുവാനും സാധിക്കുകയുള്ളൂ. ബിൽഡിംങ്ങ് പെർമ്മിറ്റ് ഫീസിനത്തിൽ നമ്മുക്ക് കിട്ടിക്കൊണ്ടിരുന്ന ഫീസ് പകുതിയായി കുറഞ്ഞതും കഴിഞ്ഞ വർഷങ്ങളിൽ വാങ്ങിയ അധിക ഫീസ് തിരികെ നല്കുന്നതും തനത് ഫണ്ട് വരുമാനം കുറയുന്നതിന് കാരണമായിട്ടുണ്ട്. പുതിയ സംരംഭങ്ങൾ കൂടാതെ കോട്ടയത്തിന്റെ പഴയകാല ചരിത്രം ഉൾപ്പെടുത്തിക്കൊണ്ട് ടൂറിസം വികസനവും അത് വഴി കോട്ടയം ഗ്രാമപഞ്ചായത്തിന് തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കാൻ പറ്റുന്ന പ്രൊജക്ടുകളും നമ്മൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ആയത് ഉൾക്കൊണ്ട് കൊണ്ടുള്ള ബജറ്റായി ഇതിനെ മാറ്റേണ്ടതുണ്ട്.

ഈ വർഷം പ്രാരംഭബാക്കി ഉൾപ്പെടെ 28,97,83,880 (28 കോടി 97ലക്ഷത്തി 83 ആയിരത്തി 880 രൂപ) വരവും 28,62,71,600 (28 കോടി 62 ലക്ഷത്തി 71 ആയിരത്തി 600 രൂപ) ചെലവും 35,12,280/ (35 ലക്ഷത്തി 12 ആയിരത്തി 280 രൂപ) മിച്ചവും, ഉദ്ദേശിക്കുന്നു. 14 വാർഡുകളുടെയും സന്തുലന വികസന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

## കാർഷിക മേഖല

കാർഷിക മേഖലയിൽ വളരെ കാലമായി മികച്ച മുന്നേറ്റം നടത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. കർഷകർക്ക് വിത്ത്, കൂലിച്ചെലവ് തുടങ്ങിയവയിൽ ഗ്രാമ പഞ്ചായത്ത് നൽകുന്ന ആനുകൂല്യം ഏറെ സഹായകരമാണ്. ഇത് കൃഷി ചെയ്യാനുള്ള അവരുടെ താല്പര്യം വർദ്ധിപ്പിച്ചിട്ടുണ്ട്. നെൽകൃഷി വികസനത്തിനും, നേന്ത്രവാഴ കൃഷി, പച്ചക്കറി കൃഷി, ഇഞ്ചി മഞ്ഞൾ, കുരുമുളക് കൃഷി, മഴക്കാല പച്ചക്കറി ഉൽപാദിപ്പിക്കാൻ കൂലിച്ചെലവ് എന്നിവയ്ക്കായി 10 ലക്ഷം രൂപ വകയിരുത്തുന്നു. നാളികേര വർദ്ധനവിനായി തെങ്ങ് കൃഷിക്ക് വേണ്ടി 7.7 ലക്ഷം രൂപ നീക്കി വെക്കുന്നു. തേങ്ങയുടെ ഉല്പാദന വർദ്ധനവിനായി കൃഷി വകുപ്പിന്റെ സഹായത്തോടെ പ്രത്യേകം പദ്ധതികൾ കൂടി നാം ആവിഷ്ക്കരിക്കേണ്ടതായുണ്ട്.

പരിസ്ഥിതി സംരക്ഷണത്തിനും വീട്ടുവളപ്പിൽ ഔഷധത്തൈകൾ വെച്ച് പിടിപ്പിക്കാൻ വേണ്ടിയും കറിവേപ്പില ഗ്രാമം പദ്ധതിയ്ക്കായും 2 ലക്ഷം രൂപയും മാറ്റി വെക്കുന്നു. കോട്ടയം ഗ്രാമപഞ്ചായത്തിന്റെ നഗരവത്ക്കരണവും സ്ഥല പരിമിതിയും കണക്കിലെടുത്ത് കൊണ്ട് സ്ഥലം കുറവ് വേണ്ട കൃഷിരീതികളായ ടെറസ് കൃഷി, മുറ്റത്തെ കൃഷി എന്നിവ എല്ലാ വീടുകളിലും നടത്തുന്നതിന് കഴിഞ്ഞ വർഷം ബജറ്റിൽ തുക വകയിരുത്തി പ്രൊജക്ട് നടപ്പിലാക്കിയിരുന്നു. അതിന് തുടർച്ചയായി പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും – മൺചട്ടി വിതരണം പ്രൊജക്ട് നടപ്പിലാക്കുന്നതിന് 6 ലക്ഷം രൂപ നീക്കി വെക്കുന്നു. പുതിയ തലമുറയ്ക്ക് കൃഷിയോട് താല്പര്യം ഉണ്ടാക്കുന്നതിന് സ്കൂളുകളിലും അങ്കണവാടികളിലും പച്ചക്കറിത്തോട്ടം എന്നത് ഈ ബജറ്റ് കാലയളവിൽ ലക്ഷ്യമിടുന്നു. കുടുംബശ്രീയുടെ സഹകരണത്തോടെ കുൺകൃഷി ഗ്രാമം പദ്ധതി ഈ ബജറ്റ് വർഷം ലക്ഷ്യമിടുന്നു. കർഷകരുടെ കൂട്ടായ്മയിലൂടെ മാത്രമേ കാർഷിക മേഖലയിൽ വികസനം കൈവരിക്കാൻ നമ്മുക്ക് സാധ്യമാവുകയുള്ളൂ. കാർഷിക ഉല്പന്നങ്ങൾക്ക് വിപണനം ഇവിടെത്തന്നെ സാധ്യമാവുന്നതിന് ആവശ്യമായ വിപണി ഇവിടെത്തന്നെ കണ്ടത്തേണ്ടതുണ്ട്. പന്നി ശല്യം കാർഷിക മേഖലയിൽ നാം നേരിടുന്ന ഒരു വെല്ലുവിളിയാണ്. ഇതിനെതിരെ ജില്ലാ തലത്തിൽ തന്നെ പദ്ധതികൾ നടപ്പിലാക്കുന്നതിന് ജില്ലാ പഞ്ചായത്ത് സന്നദ്ധമാവേണ്ടതാണ്.

**<u>മൃഗസംരക്ഷണ മേഖല</u>**

കാർഷിക പിന്നോക്ക കുടുംബങ്ങളിൽ സ്ഥിരവരുമാനം ഉറപ്പ് വരുത്തുന്നതിനാവശ്യമായ നിലയിലാണ് ഈ മേഖലയിലെ പദ്ധതികൾ നാം ആവിഷ്ക്കരിച്ചിരിക്കുന്നത്. വനിതകളുടെ സാമ്പത്തിക ശാക്തീകരണം കൂടി ഇതിന്റെ അടിസ്ഥാനത്തിൽ നാം വിഭാവനം ചെയ്യുന്നു. പശു, കോഴി, ആട് തുടങ്ങി ഗൃഹാന്തരീക്ഷത്തിൽ തന്നെ വളർത്തിയെടുക്കാനും മികച്ച ഉത്പാദനം ഉറപ്പ് വരുത്താനും സാധിക്കുന്ന പദ്ധതികൾക്ക് നാം മുൻഗണന നൽകുന്നു. മുട്ടക്കോഴി വളർത്തൽ പദ്ധതിക്കായും പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പാലിന് ഇൻസെൻറീവ്, കന്നുകുട്ടി പരിപാലനവും, കറവപ്പശുവിന് എല്ലാ മാസവും പകുതി വിലയ്ക്ക് കാലിത്തീറ്റയും നൽകുന്നതിനായി 14 ലക്ഷം രൂപ നീക്കിവെക്കുന്നു. കുട്ടികൾക്ക് വളർത്ത് പക്ഷികളോട് ആഭിമുഖ്യം ഉണ്ടാക്കുന്നതിനും

ആരോഗ്യകരമായ ഭക്ഷണത്തിനുമായി കുഞ്ഞുകരങ്ങളിൽ കുഞ്ഞുകോഴി പദ്ധതിക്കായി ഒരു ലക്ഷം രൂപ വകയിരുത്തുന്നു. കൂടാതെ പോത്തു കുട്ടി വിതരണം പദ്ധതിക്കായി മൂന്ന് ലക്ഷം രൂപ വകയിരുത്തുന്നു. ഇത് വഴി കോട്ടയം ഗ്രാമപഞ്ചായത്തിലെ പാലുൽപ്പാദനം ഗണ്യമായി കൂട്ടുന്നതിന് മുൻഗണന നല്കുന്നു.

**<u>മത്സ്യകൃഷി</u>**

കാർഷിക മേഖലയിലെല്ലാം കൃഷി ആവശ്യങ്ങൾക്കായി തയ്യാറാക്കിയ ചെറിയ കുളങ്ങളും കുണ്ടുകളും പൊതു കുളങ്ങളും കർഷകർക്ക് സാമ്പത്തിക ലാഭം ഉണ്ടാക്കാൻ ഉപകാരപ്രദമാവും വിധത്തിൽ ഹ്രസ്വകാല വിളവെടുപ്പ് നടത്താൻ കഴിയുന്ന മത്സ്യകൃഷി പദ്ധതി തുടർച്ചയായി നടത്തിവരുന്നുണ്ട്. ഫിഷറീസ് ഡിപ്പാർട്ട്മെൻറുമായി സഹകരിച്ച് ഈ പ്രവർത്തനം തുടരുന്നതിന് ഒരു ലക്ഷം രൂപ വകയിരുത്തുന്നു. മുറ്റത്തൊരു മീൻ തോട്ടം പദ്ധതിക്ക് 40000 രൂപ വകയിരുത്തുന്നു.

**<u>പാർപ്പിടം</u>**

സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത പാവപ്പെട്ടവരുടെ സ്വപ്ന പദ്ധതിയും സംസ്ഥാന സർക്കാറിന്റെ പ്രധാന മിഷനുകളിലൊന്നുമായ ലൈഫ് മിഷൻ പദ്ധതിയിൽ അർഹരായ ഭൂമിയുള്ള 30 ഗുണഭോക്താക്കൾക്ക് ജില്ലാ ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെയും സംസ്ഥാന വിഹിതത്തിന്റെയും ഹഡ്കോ വായ്പയുടെ സഹായത്തോടെയും ഭവന നിർമ്മാണത്തിന് 1 കോടി രൂപ 20 ലക്ഷം രൂപ വകയിരുത്തി 2024-25 വർഷം തന്നെ കോട്ടയം ഗ്രാമപഞ്ചായത്തിലെ 90 ശതമാനം പേർക്കും വീട് എന്ന ലക്ഷ്യം സാധ്യമായിട്ടുണ്ട്. ലൈഫ് മിഷൻ പദ്ധതിയിൽ ബാക്കിയുള്ള അർഹരായ ഭൂമിയുള്ള 8 ഗുണഭോക്താക്കൾക്കും വീടും സ്ഥലവും ഇല്ലാത്ത അതിദരിദ്ര ഗുണഭോക്താക്കൾക്ക് വീട് എന്നീ ലക്ഷ്യത്തിലേക്ക് എത്തുന്നതിന് ജില്ലാ ബ്ലോക്ക് പഞ്ചായത്തിന്റെയും സംസ്ഥാന വിഹിതത്തിന്റെയും ഹഡ്കോ വായ്പയുടെ സഹായത്തോടെയും ഭവന നിർമ്മാണത്തിന് 85 ലക്ഷം രൂപ വകയിരുത്തു . കൂടാതെ ഭവന പുനരുദ്ധാരണ പ്രവൃത്തികൾക്ക് ആവശ്യമായ തുകയും ബജറ്റിൽ വകയിരിത്തിയിട്ടുണ്ട്.

**അഗതിരഹിത കേരളം**

അഗതിരഹിത പഞ്ചായത്തായി കോട്ടയം ഇപ്പോൾത്തന്നെ മാറിയിട്ടുണ്ട്. എന്നിരിന്നാലും ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി 2 ലക്ഷം രൂപ വകയിരുത്തുന്നു.

**ദാരിദ്ര്യമുക്ത കോട്ടയം**

കോട്ടയം ഗ്രാമ പഞ്ചായത്തിലെ അതിദാരിദ്ര്യം ഈ ബജറ്റ് വർഷം തുടച്ചുനീക്കുന്നതിനായി ഗുണഭോക്താളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി 13 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിലേക്കായി സ്ഥലം, വീട് എന്നിവയ്ക്ക് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. കൂടാതെ അതിദരിദ്രർക്കുള്ള ഭക്ഷണ വിതരണം, ആവശ്യമായ മരുന്ന് വിതരണം എന്നിവ ഇതിൽ ഉൾപ്പെടുത്തുന്നു. ഇതിന് പുറമേ കുടുംബത്തിന് സ്ഥിര വരുമാനം ലഭിക്കുന്നതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ട്. ഈ ഭരണസമിതിയുടെ കാലത്ത് തന്നെ കോട്ടയം ഗ്രാമപഞ്ചായത്തിനെ ദാരിദ്ര്യമുക്തമാക്കുക എന്ന ലക്ഷ്യം നാം കൈവരിക്കേണ്ടതുണ്ട്.

**സ്ത്രീ സൗഹൃദ ഗ്രാമം**

സ്ത്രീകളുടെ ഉന്നമനത്തെ മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്ക് ഈ ബഡ്ജറ്റ് മുൻഗണന നൽകുന്നു. ഉൽപാദന മേഖലയിൽ മാത്രം സ്ത്രീകളുടെ തൊഴിൽ മേഖലയുടെ വിപുലീകരണത്തിനും സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതിനുമായി ആവശ്യമായ 13 ലക്ഷം രൂപ വകയിരുത്തുന്നു. സ്ത്രീകൾക്കെതിരായ അതിക്രമം തടയാൻ എല്ലാ തലത്തിലുള്ള ഇടപെടൽ നടത്താൻ നമുക്ക് സാധിക്കണം. ജാഗ്രതാ സമിതി ശക്തിപ്പെടുത്തണം. ഇതിനായി ജെൻഡർ റിസോഴ്സ് സെൻറർ വഴി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം. ഇതിനായി പഞ്ചായത്ത് തലത്തിൽ ജെൻഡർ റിസോഴ്സ് പ്രവർത്തനങ്ങൾക്ക് വേണ്ടി 2.5 ലക്ഷം രൂപ മാറ്റി വെക്കുന്നു. വനിതാശാക്തീകരണത്തിന് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പശു, കോഴി തുടങ്ങി ഗൃഹാന്തരീക്ഷത്തിൽ തന്നെ വളർത്തിയെടുക്കാനും ബജറ്റിൽ ആവശ്യമായ തുക വകയിരുത്തുന്നു. കൂടാതെ സ്ത്രീ സൌഹൃദ ജില്ല– തുടർ പ്രവർത്തനങ്ങൾക്കായി ഒരു ലക്ഷം രൂപ

മാറ്റി വെക്കുന്നു. സ്ത്രീ സൌഹൃദ ജിംനേഷ്യത്തിന് 2 ലക്ഷം രൂപയും വനിതകൾക്ക് ശിങ്കാരിമേളം പരിശീലനവും ഉപകരണങ്ങൾ വാങ്ങിനൽകൽ എന്നിവയ്ക്ക് 2 ലക്ഷം രൂപയും വകയിരുത്തിന്നു.

**<u>തൊഴിൽ സംരംഭങ്ങൾ</u>**

സ്ത്രീകളുടെ ഉന്നമനത്തെ ലക്ഷ്യമാക്കി ഗ്രൂപ്പ്സംരംഭം, വ്യക്തിഗത സ്വയംതൊഴിൽ സംരംഭം എന്നിവയിലായി 13 ലക്ഷം രൂപ വകയിരുത്തുന്നു. ഗ്രൂപ്പ് സംരംഭങ്ങൾ കൂടുതലായി തുടങ്ങുന്നതിന് പ്രോത്സാഹനങ്ങൾ പഞ്ചായത്ത് നല്കുന്നതാണ്. മുതിർന്ന പൌരൻമാർക്കും പ്രവാസ ജീവിതം കഴിഞ്ഞ് മടങ്ങിവന്നവർക്കും പ്രോത്സാഹനം നല്കിക്കൊണ്ട് കൂടുതൽ ഗ്രൂപ്പ് സംരഭങ്ങൾ ഉണ്ടാകേണ്ടതുണ്ട്. കൂടുതൽ സ്റ്റാർട്ടപ്പുകൾ പഞ്ചായത്ത് പരിധിയിൽ ആരംഭിക്കേണ്ടതുണ്ട്. ഇതിനായി തൊഴിൽ വകുപ്പിന്റെയും വ്യാവസായിക വകുപ്പിന്റെയും സഹകരണം തേടുന്നതാണ്.

**<u>കുടുംബശ്രീ</u>**

കുടുംബശ്രീ ഇന്ന് കേരളത്തിലെ സർക്കാർ പ്രവർത്തനങ്ങളുടെ അവിഭാജ്യ ഘടകമായി മാറിയിരിക്കുകയാണ്. നമ്മുടെ പഞ്ചായത്തിലെ കുടുംബശ്രീയും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. സാമ്പ്രദായിക രീതികളിൽ നിന്ന് മാറി സാമ്പത്തിക ശാക്തീകരണം ലക്ഷ്യം വെച്ചുള്ള പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ കുടുംബശ്രീ തയ്യാറാവണം. ഇതിനാവശ്യമായ സംഘടനാ ഒരുക്കങ്ങൾ നടത്താൻ കുടുംബശ്രീ സംവിധാനത്തിനാവണം. ബഡ്ജറ്റ് ഈ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു. സ്ത്രീ ശാക്തീകരണത്തിനായി സ്വയം തൊഴിൽ കണ്ടെത്തൽ, വനിതകൾക്ക് ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങൽ, യോഗാ പരിശീലനം എന്നിവയിലായി 14 ലക്ഷം രൂപയും മാറ്റി വെക്കുന്നു. സ്ത്രീകളുടെ ഉന്നമനത്തെ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഗ്രൂപ്പ് സംരംഭം, വ്യക്തിഗത സ്വയംതൊഴിൽ സംരംഭം എന്നിവയ്ക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുന്നതിനുള്ള കുടുംബശ്രീയുടെ ഉത്തരവാദിത്വം വിലപ്പെട്ടതാണ്.

## സുസ്ഥിര ശുചിത്വ പദ്ധതി

കോട്ടയം ഗ്രാമ പഞ്ചായത്ത് സമ്പൂർണ്ണ ശുചിത്വ പദവിയിലേക്ക് എത്തിയിരിക്കുകയാണ്. എന്റെ ഗ്രാമം സുന്ദര കോട്ടയം എന്ന മുദ്രാവാക്യം സഫലീകരിക്കാൻ നാം ഒത്തൊരുമിച്ച് പ്രവർത്തിച്ചതിന്റെ ഗുണഫലം ഈ മേഖലയിൽ കാണുന്നുണ്ട്. ശുചിത്വത്തിന്റെ പ്രാധാന്യം ജനങ്ങളുടെ സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുക എന്നതാണ് നാം ലക്ഷ്യം വയ്ക്കുന്നത്. നിരന്തരമായി സംഘടിപ്പിക്കുന്ന ക്യാമ്പയിനിന്റെ ഭാഗമായി പ്രവർത്തനം കൂടിയെങ്കിലും ബോധവല്കരണം ഇനിയും ആവശ്യമുണ്ട്. ബഹുജന പങ്കാളിത്തത്തോടെയുള്ള ഇടപെടൽ ഇനിയും ഉണ്ടാവണം. മാലിന്യം തള്ളുന്നവരെ കണ്ടെത്തുന്നതിന് അയൽക്കൂട്ടങ്ങളും സംഘടനകളും അതീവ ജാഗ്രതയോടെ പ്രവർത്തിക്കണം. യൂസർഫീയിനത്തിൽ എല്ലാവരും കൃത്യമായി ഇപ്പോൾ തുക നല്കുന്നുണ്ട് എന്നത് അഭിമാനകരമാണ്. പ്രധാന ടൗണായ ആറാം മൈൽ, കിണവക്കൽ, കോട്ടയംപൊയിൽ ടൗണുകളുടെ സൗന്ദര്യവൽക്കരിക്കുന്നതിനും പൂന്തോട്ടം ഒരുക്കലും വൃക്ഷത്തൈ വെച്ചു പിടിപ്പിക്കലും വിവിധ സംഘടനകളുടെയും വിവിധ സ്ഥാപനങ്ങളുടെയും സേവനങ്ങള് ഉപയോഗപ്പെടുത്തി യാഥാർത്ഥ്യമാക്കിയിട്ടുണ്ട്. ഇത് കോട്ടയം പഞ്ചായത്തിന്റെ മുഖച്ഛായ തന്നെ മാറ്റിയിട്ടുണ്ട്. കോട്ടയം ഗ്രാമപഞ്ചായത്തിന്റെ ശുചിത്വ പ്രവർത്തനങ്ങൾ ജില്ലാ തലത്തിൽത്തന്നെ ഒരു മാതൃകയായിട്ടുണ്ട്. ഈ മേഖലയിലെ നമ്മുടെ പ്രവർത്തനങ്ങൾ അഭിമാനകരമാണ്.

ഹരിത കർമ്മസേന പഞ്ചായത്തിന്റെ അവിഭാജ്യ ഘടകമായി മാറിയിട്ടുണ്ട്. ഇവരുടെ പ്രവർത്തനങ്ങൾ ജനങ്ങൾ അംഗീകരിക്കുന്നുണ്ട്. നമ്മുടെ എംസിഎഫും മിനി എംസിഎഫുകളും വിപുലപ്പെടുത്തേണ്ടതുണ്ട്. ഹരിത കർമ്മസേന അംഗങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തിനായി എല്ലാ കുടുംബങ്ങളും കച്ചവടസ്ഥാപനങ്ങളും മറ്റ് ഓഫീസുകളും യൂസർഫീ കൃത്യമായി തുടർന്നും നല്കേണ്ടതാണ്. മാലിന്യ സംസ്കരണ മേഖലയിൽ അജൈവ മാലിന്യസംസ്കരണം, എംസിഎഫ് നവീകരണം മറ്റ് ശുചിത്വ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 20 ലക്ഷം രൂപ മാറ്റി വെക്കുന്നു. നഗര സ്വഭാവമുള്ള മേഖലകളിൽ ദ്രവമാലിന്യ

സംസ്കകരണത്തിനുള്ള പ്രൊജക്ടുകൾ നമ്മൾക്ക് ജില്ലാ ബ്ളോക്ക് പഞ്ചായത്തുകളുടെ സഹകരണത്തോടെ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

## ആരോഗ്യരംഗം

ശുചിത്വത്തിൽ നിന്ന് ആരോഗ്യം എന്നതായിരിക്കണം നമ്മുടെ മുദ്രാവാക്യം. സംസ്ഥാന സർക്കാരിൻറെ ആർദ്രം മിഷൻ പ്രവർത്തനം ജനങ്ങൾക്ക് നൽകുന്ന സേവനം ചെറുതല്ല എന്നതിന്റെ ഉദാഹരണമാണ് ആരോഗ്യരംഗത്തെ മാതൃകകൾ. മികച്ച ഒരു ഫാമിലി ഹെൽത്ത് സെന്ററാണ് നമ്മുക്ക് ഉള്ളത് . ഇതിന്റെ ഉപയോഗം സമീപ പഞ്ചായത്തിലെ ജനങ്ങൾക്കും ലഭിക്കുന്നുണ്ട്. ആശുപത്രിയുടെ ചിട്ടയായ പ്രവർത്തനങ്ങൾത്ത് തുടർച്ചയായി നമ്മുക്ക് അവാർഡ് ലഭിക്കുന്നത് എടുത്ത് പറയേണ്ട കാര്യമാണ്. ആശുപത്രിയുടെ വികസനത്തിനായും കിടപ്പിലായ രോഗികൾക്ക് എയർ കിടക്കയും വാക്കിംഗ് സ്റ്റിക്കും വീൽചെയറും പാലിയേറ്റീവ് കെയറിനായി മരുന്നും ജീവനക്കാരുടെ ശമ്പളവും ഉൾപ്പെടെ സബ് സെൻററുകളുടെ നവീകരണത്തിനും ഹോമിയോപ്പതി ആയുർവേദ യുനാനി രംഗത്ത് ഇടപെടൽ നടത്തുന്നതിനും മരുന്ന് വാങ്ങുന്നതിനുമായി 30 ലക്ഷം രൂപ ഇതിലേക്കായി മാറ്റി വെക്കുന്നു.

## വിദ്യാഭ്യാസം

സമഗ്ര വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പദ്ധതിയിലൂടെ കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങളാണ് സംസ്ഥാന സർക്കാർ ഈ കാലയളവിൽ ഉണ്ടാക്കിയെടുത്തത്. വിദ്യാഭ്യാസ രംഗത്ത് സർക്കാരിന്റെ നയങ്ങളെ പിന്തുടർന്ന് മികച്ച പ്രവർത്തനങ്ങളാണ് നാം നടത്തി വരുന്നത്. സമഗ്രമായ വില്ലേജ് എജുക്കേഷന് രജിസ്റ്റർ നാം തയ്യാറാക്കിയിട്ടുണ്ട്. കുട്ടികളെ ആകർഷിക്കാൻ നമ്മുടെ പഞ്ചായത്തിലെ പൊതു വിദ്യാലയങ്ങൾക്ക് സാധിച്ചിട്ടുണ്ട്. കുട്ടികളിലെ വായനശീലം വർദ്ധിപ്പിക്കുന്നതിനായി തത്തമ്മ, യുറീക്ക, ശാസ്ത്ര കേരളം , പത്രം എന്നിവ നൽകുന്നതിനും എസ്.എസ്.എ വിഹിതമായും തുടർ വിദ്യഭ്യാസ സാക്ഷരത പ്രവർത്തനങ്ങൾക്കായും 13 ലക്ഷം രൂപ മാറ്റി വെക്കുന്നു. വിദ്യാർത്ഥികളുടെ കായിക നിലവാരം മെച്ചെപ്പെടുത്തുന്നതിന് കളരി പരിശീലനം, യോഗാ പരിശീലനം എന്നിവ

നടപ്പിലാക്കുന്നു. ഡിജി കണ്ണൂർ – സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത പദ്ധതി, പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല എന്നി പദ്ധതികൾ ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്.

<u>ബാല സൗഹൃദ കോട്ടയം</u>

കോട്ടയം ഗ്രാമപഞ്ചായത്ത് ബാലസൗഹൃദമാക്കുന്നതിലൂടെ കുട്ടികളുടെ അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നീ അവകാശങ്ങൾ നേടിയെടുക്കുന്നതിന് കോട്ടയം ഗ്രാമപഞ്ചായത്ത് 2024-25 വർഷത്തെ ശിശുസൗഹൃദ ബഡ്ജറ്റിംങ്ങ് റിവിഷനിലൂടെ തുടക്കം കുറിച്ചിട്ടുണ്ട്. നമ്മുടെ അങ്കണവാടികളും പ്രൈമറി തലം തൊട്ടുള്ള വിദ്യാലയങ്ങളും ശാക്തീകരിക്കപ്പെടുത്തുന്നത് ഈ വർഷത്തോടെ പൂർത്തിയാക്കുന്നതിന് ഈ ബജറ്റിലൂടെ ലക്ഷ്യമിടുന്നു. കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെപ്പുകൾ, ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ, മികച്ച പഠനാന്തരീക്ഷം ഒരുക്കൽ, ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, കലാകായിക പോഷണ പദ്ധതികൾ, മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള കർമ്മപരിപാടികൾ, ഗ്രാമസഭകളിലും മറ്റ് പരിപാടികളിലും കുട്ടികളുടെ പങ്കാളിത്തം ഉറപ്പ വരുത്തൽ ഇങ്ങനെ കുട്ടികളിലേക്ക് ഇറങ്ങിച്ചെന്ന് അവരെ കേട്ട് ആസൂത്രണം ചെയ്യുന്ന തരത്തിൽ പദ്ധതികൾ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പോഷകാഹാര പിന്തുണ, ഭിന്നശേഷിക്കാർക്കായുള്ള സ്കോളർഷിപ്പ്, അങ്കണവാടികൾ, സ്കൂളുകൾ, ആരോഗ്യ കേന്ദ്രങ്ങൾ തുടങ്ങി കുട്ടികളുടെ ആവശ്യത്തിനുതകുന്ന നിർമ്മാണവും പരിപാലനവും വായനശാലകൾ, പാർക്കുകൾ, കളിസ്ഥലങ്ങൾ, കുട്ടികൾക്കായുള്ള സമഗ്രപരിപാടികൾ എന്നിവ നടപ്പാക്കുന്നതിന് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. കുഞ്ഞുകരങ്ങളിൽ കുഞ്ഞുകോഴി പദ്ധതിക്കായി ഒരു ലക്ഷം രൂപയും വകയിരുത്തുന്നു. ഗ്രീൻ പോലീസ് കേഡറ്റ് എന്ന പദ്ധതിക്കായി 75000 രൂപ ബജറ്റിൽ വകയിരുത്തുന്നു. ശിശുവിന്റെ ആരോഗ്യം അമ്മയിൽ നിന്ന് തുടങ്ങുന്നു. ഇതിലേക്കായി കോട്ടയം ഗ്രാമപഞ്ചായത്തിന്റെ നൂതന പദ്ധതിയായ ഹാപ്പിമോം പദ്ധതി തുടരുന്നതിനും തുക വകയിരുത്തുന്നു.

**പശ്ചാത്തല മേഖല**

ഗ്രാമീണ റോഡുകളുടെ വികസനം എന്നത് നമ്മുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. ഈ ഭരണസമിതി അധികാരത്തിൽ വന്നതിന് ശേഷം ഗ്രാമ പഞ്ചായത്തിലെ പ്രധാന റോഡുകളുടെ പണി പൂർത്തിയാക്കാനും പണം നീക്കി വെക്കാനും സാധിച്ചിട്ടുണ്ട്. കഴിഞ്ഞ 4 വർഷത്തിനിടയിൽ ഒരു വാർഡിൽ 3 പുതിയ റോഡുകൾ ഗതാഗത യോഗ്യമാക്കാനും സാധിച്ചു. ബ്ലോക്ക് പഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്തിൻറെയും എംഎൽഎ ഫണ്ടും ഈ ഇനത്തിൽ ചെലവഴിച്ചു. ഈ വർഷവും ഇതിന്റെ തുടർച്ചയായ വികസന പ്രവർത്തനമാണ് നാം ലക്ഷ്യം വെക്കുന്നത്. റോഡ് പുനരുദ്ധാരണത്തിനായും പുതിയ റോഡ് വികസനത്തിനായി ഈ വർഷം മൂന്നര ലക്ഷം രൂപ മാറ്റി വെക്കുന്നു. കോട്ടയം ഗ്രാമപഞ്ചായത്തിലെ മുഴുവൻ ഗ്രാമീണ റോഡുകളും പുനരുദ്ധരിക്കുന്നതിന് ഇത് വഴി സാധിക്കുന്നതാണ്. 14 വാർഡുളിലും പുതിയ ഒരു റോഡ് നിർമ്മിക്കുന്നതിനും ബജറ്റിൽ തുക വകയിരുത്തുന്നു. കെ സ്മാർട്ട് നടപ്പിലാക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ സേവനങ്ങളും ഡിജിറ്റലായി മാറ്റുന്നതിന് ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന വികസനത്തിന് ഈ വർഷം 7 ലക്ഷം രൂപ മാറ്റി വെക്കുന്നു. കോട്ടയം ഗ്രാമപഞ്ചായത്ത് കൺവെൻഷൻ സെന്ററിന് ഒരു കോടി രൂപ വകയിരുത്തുന്നു.

**ഭിന്നശേഷി സൗഹൃദ ഗ്രാമം**

ഭിന്നശേഷി സൗഹൃദ ഗ്രാമമായി കോട്ടയം പഞ്ചായത്തിനെ മാറ്റുക എന്ന സ്വപ്ന സാക്ഷാത്കരണത്തിനായി വിവിധ പദ്ധതികൾ ഗ്രാമ പഞ്ചായത്ത് ആസൂത്രണം ചെയ്തിട്ടുണ്ട്. ഭിന്നശേഷി കലോത്സവം, ഭിന്നശേഷിക്കാർക്ക് ഉപകരണം വാങ്ങൽ , ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ഉൾപ്പെടെ 14 ലക്ഷം രൂപ ഇതിലേക്കായി വകയിരുത്തുന്നു. നമ്മുടെ പഞ്ചായത്തിലെ ഭിന്നശേഷിക്കാരായ കുട്ടികൾ കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയിലെ ബഡ്സ് സ്കൂളിനെയാണ് ആശ്രയിക്കുന്നത്. അവരുടെ യാത്രാ പ്രശ്നവും നമ്മുക്ക് പരിഹരിക്കേണ്ടതുണ്ട്. ഭിന്നേശേഷിക്കാരെ ചേർത്ത് നിർത്തേണ്ടത് ഓരോ പൌരന്റേയും കടമയാണ്.

**വയോജന സൗഹൃദ ഗ്രാമം**

വയോജന സൗഹൃദ ഗ്രാമം എന്ന നമ്മുടെ സ്വപ്നം യാഥാർത്ഥ്യമാക്കാൻ ആവശ്യമായ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. വയോജന സൌഹൃദ പഞ്ചായത്ത് തുടർപ്രവർത്തനങ്ങൾക്കും അവരുടെ പോഷകാഹാരത്തിനും മെഡിക്കൽ ക്യാമ്പുകൾക്കും, മറ്റ് ക്ഷേമ പ്രവർത്തനങ്ങൾക്കുമായി 5 ലക്ഷം രൂപ മാറ്റി വെക്കുന്നു. മാറുന്ന കാലഘട്ടത്തിൽ കേരളത്തിൽ 60 വയസ്സ് കഴിഞ്ഞവരുടെ ജനസംഖ്യ കൂടിവരുകയാണ്. വയോജനങ്ങളുടെ യുവത്വം കോട്ടയം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ നാം ഉപയോഗപ്പെടുത്തേണ്ടതുണ്ട്. വയോജനങ്ങൾക്ക് ഉതകുന്ന വിധത്തിലുള്ള സംരംഭകങ്ങൾ നാം ആസൂത്രണം ചെയ്യേണ്ടതുണ്ട്. വയോജനങ്ങളുടെ ഉല്ലാസത്തിനായ് വയോജന കലോത്സവം നടത്തുന്നതിന് 50000 രൂപ വകയിരുത്തുന്നു. കുട്ടികൾക്ക് നടപ്പിലാക്കിയതുപോലെ എല്ലാ മേഘലയിലും പുതിയ പദ്ധതികളും അതിനാവശ്യമായ ഫണ്ടും ബജറ്റിൽ ഉൾപ്പെടുത്തി കോട്ടയം ഗ്രാമപഞ്ചായത്തിനെ ഒരു വയോജന സൗഹൃദ പഞ്ചായത്തായി മാറ്റേണ്ടതുണ്ട്.

**അങ്കണവാടികൾ**

അങ്കണവാടികളുടെ വികസനം മുൻ നിർത്തിയുള്ള പ്രത്യേക പദ്ധതികൾ ബഡ്ജറ്റ് മുന്നോട്ട് വയ്ക്കുന്നു. അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ, ശിശുമന്ദിരം നവീകരണം, ശിശുമന്ദിരത്തിന് കസേര, ഉപകരണങ്ങൾ വാങ്ങൽ, അങ്കണവാടികളുടെ നവീകരണം തുടങ്ങിയ പ്രവർത്തനത്തിനും പശ്ചാത്തല വികസനത്തിനുമായി 15 ലക്ഷം വകയിരുത്തുന്നു. കൂടാതെ അങ്കണവാടി കലോത്സവം നടത്തുന്നതിന് 75000 രൂപയും വകയിരുത്തുന്നു.

**സമഗ്ര കായിക വികസനം**

സമഗ്ര കായിക വികസനം എന്ന മുദ്രാവാക്യവുമായി സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനം ചെറുപ്രായം മുതൽ കായിക പരിശീലനം ലഭിച്ചാൽ മാത്രമേ മികച്ച വിജയങ്ങൾ കൈവരിക്കാൻ സാധിക്കുകയുള്ളു. കഴിവുള്ള കായിക താരങ്ങളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഗ്രാമ പഞ്ചായത്തിൽ കളരി , യോഗ പരിശീലനത്തിനും കേരളോത്സവം നടത്തിപ്പിനായി യുവജനക്ഷേമ

ബോർഡ് ഫണ്ട് ഉൾപ്പെടെ 4 ലക്ഷം രൂപ മാറ്റി വെക്കുന്നു. അംഗീകൃത ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണത്തിന് 70000 രൂപയും സാംസ്കാരിക സ്ഥാപനങ്ങൾക്ക് പത്രം വിതരണത്തിന് 35000 രൂപയും വകയിരുത്തുന്നു.

**തെരുവു വിളക്ക്**

മികച്ച തെരുവുവിളക്ക് സംവിധാനമുള്ള പഞ്ചായത്താണ് നമ്മുടേത്. പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ ഉൾപ്പെടെ പുതിയ ലൈൻ വലിക്കേണ്ടതുണ്ട്. ജനകീയ തെരുവ് വിളക്ക് പദ്ധതി, തെരുവ് വിളക്കുകളുടെ റിപ്പയറിംഗ് എന്നിവയ്ക്കായി 5 ലക്ഷം രൂപ വകയിരുത്തുന്നു. പ്രധാന ടൗണായ ആറാം മൈൽ, കിണവക്കൽ, ടൗണുകളുടെ സൗന്ദര്യവൽക്കരിക്കുന്നതിന്റെ ഭാഗമായി നിരവധി തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. തെരുവുവിളക്ക് ചാർജ്ജിനത്തിൽ പ്രതിമാസം അടവാക്കേണ്ട ഭീമമായ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിനെ സാരമായി ബാധിക്കുന്നുണ്ട്. ജനകീയ തെരുവ് വിളക്ക് പദ്ധതി പോലുള്ള പ്രവർത്തനങ്ങൾ ക്ലബ്ബുകളുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ നടപ്പിലാക്കിയാൽ പഞ്ചായത്തിന്റെ സാമ്പത്തിക പരിധിക്കുള്ളിൽ നിന്ന് കൊണ്ട് തന്നെ ഈ മേഖലയിൽ വികസനം നടത്തുന്നതിന് നമ്മുക്ക് സാധിക്കുന്നതാണ്.

**<u>പട്ടികജാതി</u>**

പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി മികച്ച പദ്ധതികളാണ് ഗ്രാമ പഞ്ചായത്ത് ആസൂത്രണം ചെയ്തിട്ടുള്ളത്. എങ്കിലും ഈയിനത്തിൽ ഫണ്ട് പ്രയോജനപ്പെടുത്താൻ ഗുണഭോക്താക്കൾ താല്പര്യം കാണിക്കാത്തത് ബോധവൽക്കരണത്തിലൂടെ പരിഹരിച്ചെടുക്കാൻ നമുക്ക് സാധിക്കണം. ഇവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി വീട് നവീകരണം, വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, വിവാഹ ധനസഹായം എന്നിവയുൾപ്പെടെ 6 ലക്ഷം രൂപ മാറ്റി വെക്കുന്നു.

## തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം മികച്ച നിലയിൽ നമ്മുടെ പഞ്ചായത്തിനകത്ത് നടന്നു വരുന്നു. ഈ പദ്ധതിയുടെ അനന്ത സാധ്യതകളെ പ്രയോജനപ്പെടുത്തി പരാമാവധി തൊഴില് ദിനങ്ങളും വ്യക്തിഗത ആനുകൂല്യങ്ങൾക്കായി ആട്ടിൻകൂട്, തൊഴുത്ത്, കോഴിക്കൂട്, സോക്ക് പിറ്റ്, കമ്പോസ്റ്റ് പിറ്റ്, കിണർ റീചാർജ്, റോഡ്, പാലം എന്നിവയുടെ പ്രവർത്തനങ്ങൾക്കും കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്കുമായി 12 കോടിയുടെ വികസന പ്രവർത്തനങ്ങൾ നാം ലക്ഷ്യമിടുന്നു. ഇത് ഈ പഞ്ചായത്തിന്റെ മുഖഛായ തന്നെ മാറ്റി മറിക്കും. നിലവിലെ നിയമപരിധിക്കുള്ളിൽ നിന്ന് കൊണ്ട് തന്നെ നല്ല മോഡലുകൾ ഉൾക്കൊണ്ട്കൊണ്ട് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കാൻ നമ്മുക്ക് സാധിക്കണം. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് നീക്കിവച്ച ഈ ഭീമമായ തുക ചെവലഴിക്കുന്നതിന് തൊഴിലാളികളുടെയും ജീവനക്കാരുടെയും ഭരണസമിതിയുടെയും കൂട്ടായ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതാണ്.

## കുടിവെള്ള പദ്ധതി

കുടിവെള്ളത്തിന്റെ കാര്യത്തിൽ കോട്ടയം ഗ്രാമപഞ്ചായത്ത് അതിന്റെ ലക്ഷ്യത്തിലെത്തിയെന്ന് പറയാം. കഴിഞ്ഞ കുറച്ച് വർഷങ്ങളിലായി കുടിവെള്ള വിതരണത്തിനായ് തുക ചെലവഴിക്കേണ്ടി വന്നിട്ടില്ല. കുടിവെള്ള പദ്ധതി പെപ്പ് കണക്ഷൻ എല്ലാ വീടുകളിലും എത്തിച്ചതിൻറെയും ഭൂഗർഭ ജലത്തിന്റെ അളവ് കുറയാതിരിക്കാൻ നമ്മൾ ചെയ്ത പ്രവർത്തനത്തിൻറെയും ഭാഗമായാണ് ഇത് സാധിച്ചത്. ഗ്രാമപഞ്ചായത്തിൻറെ ഭൂഗർഭ ജലത്തിന്റെ അളവ് കുറയാതിരിക്കാൻ കിണർ റീച്ചാർജ്ജ് പദ്ധതി തുടർന്നും നടപ്പാലാക്കേണ്ടതുണ്ട്. ഇതിനായി ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ സഹായവും തൊഴിലുറപ്പ് പദ്ധതിയും ഉപയോഗപ്പെടുത്തും. മൌവേരി കുടിവെള്ള പദ്ധതി നവീകരണം, പഞ്ചായത്ത് കോംപൌണ്ടിൽ വാട്ടർ എ.ടി.എം സ്ഥാപിക്കൽ, തുറസ്സായ കുടിവെള്ള കിണർ ശുചിത്വ കിണറാക്കി മാറ്റൽ (ആൾമറ) എന്നീ പദ്ധതികൾക്കായി 15 ലക്ഷം രൂപ വകയിരുത്തുന്നു.

**<u>ചെലവ് ചുരുക്കലും വരുമാന വർദ്ധനവും</u>**

അനിവാര്യമായ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതോടൊപ്പം അധികരിച്ചു വരുന്ന ചെലവുകൾ കണ്ടെത്തി കുറച്ചു കൊണ്ടുവരാൻ ബഡ്ജറ്റ് നിർദ്ദേശിക്കുന്നു. തനത് പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ ഉള്ള ചെലവുകൾ സ്പോൺസർഷിപ്പിലൂടെ കണ്ടെത്താനും ഗ്രാമ പഞ്ചായത്തംഗങ്ങളും ജീവനക്കാരും ഉൾപ്പെടെ ചെലവ് ചുരുക്കുന്നതിന് വേണ്ടി ഒരുമിച്ച് പ്രവർത്തിക്കണമെന്നും അഭ്യർത്ഥിക്കുന്നു. വരുമാന വർദ്ധനവിനാവശ്യമായ പുതിയ വഴികൾ കണ്ടെത്തേണ്ടത് അനിവാര്യമായി മാറിയിരിക്കുകയാണ്. പഞ്ചായത്തുകളുടെ പരിമിതിയിൽ നിന്നു കൊണ്ട് ഇത് സാധിക്കുക എന്നത് ഒട്ടേറെ പ്രയാസകരവുമാണ്. എന്നാൽ നിലവിലെ സാധ്യതകൾ പൂർണ്ണമായും ഉപയോഗിച്ച് വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കിയെടുക്കാൻ നമുക്ക് സാധിക്കണം. ഇതിൽ ഏറ്റവും പ്രധാനമാണ് കൂട്ടിയെടുക്കപ്പെട്ട കെട്ടിടങ്ങളെ സമഗ്ര പരിശോധനയിലൂടെ കണ്ടെത്തുകയും നികുതി പരിധിയിൽ കൊണ്ടു വരിക എന്നതാണ്. ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും ആയത് പൂർത്തിയാക്കാൻ നമ്മുക്ക് സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളേയും ലൈസൻസിൻറെയും തൊഴിൽ നികുതിയുടെയും പരിധിയിൽ കൊണ്ട് വരേണ്ടത് അനിവാര്യമാണ്. നികുതി നികുതിയര വരുമാനം പിരിച്ചെടുക്കുന്നതിൽ നമ്മൾ ഇപ്പോൾ കാണിക്കുന്ന ജാഗ്രത നമ്മൾ അതേപടി തുടരേണ്ടതാണ്. ഷോപ്പിംങ്ങ് കോംപ്ളക്സ് നിർമ്മാണം പോലെയുള്ള വരുമാനദായകമായ പദ്ധതികൾ നമ്മുക്ക് ആവിഷ്കരിക്കേണ്ടതുണ്ട്. ആയതിന് സ്ഥലം ലഭ്യതയും ഫണ്ടും ഒരു തടസ്സമാണ്. ഇതിനായി എംഎൽഎ ഫണ്ട്, എംപി ഫണ്ട്, സിഎസ്സ്ആർ ഫണ്ട് എന്നിവയ്ക്കായി നമ്മുക്ക് വരും നാളുകളിൽ ശ്രമിക്കേണ്ടതുണ്ട്.

അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതികളടക്കം ഉൾപ്പെടുത്തി കൊണ്ടാണ് ഈ കരട് ബഡ്ജറ്റ് നാം തയ്യാറാക്കിയത്. നവകേരള ബദലിനുള്ള ആസൂത്രണത്തിലാണ് കേരള സർക്കാർ. പുതിയ കേരളത്തിനായുള്ള വികസന മാതൃകക്ക് ഒപ്പം നടക്കാൻ നമുക്കും സാധിക്കണം. അതിന് ഉതകുന്ന രീതിയിൽ ഈ ബഡ്ജറ്റിനെ പൂർണ്ണമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മൾ ഒറ്റക്കെട്ടായി

മുന്നേറും എന്ന വിശ്വാസത്തോടെ ഈ ബഡ്ജറ്റ് നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

2025-26 സാമ്പത്തിക വർഷത്തേക്ക് 28,97,83,880/- വരവും 28,62,71,600/- ചെലവും 35,12,280/- രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് ആണ് അവതരിപ്പിച്ചിട്ടുള്ളത്

| | | |
|---|---|---|
| **കോട്ടയം ഗ്രാമ പഞ്ചായത്ത്** | | |
| **വാർഷിക ബഡ്ജറ്റ് 2025-26** | | |
| | വരവ് | |
| | പ്രാരംഭ ബാക്കി | 89,30,380 |
| | **നികതി വരുമാനം** | |
| 1 | വസ്തു നികുതി | 50,00,000 |
| 2 | സേവന നികുതി | 1,00,000 |
| 3 | തൊഴിൽ നികുതി | 18,00,000 |
| | ആകെ | 69,00,000 |
| | **നികുതിയേതര വരുമാനം** | |
| 1 | സ്ഥലങ്ങളുടെയും,കെട്ടിടങ്ങളുടെയുംവാടക | 3,00,000 |
| 2 | പഞ്ചായത്ത് സ്വത്തുക്കളുടെ ദിവസ വാടക | 7,500 |
| 3 | രജിസ്ട്രേഷൻ/ചാർജ് ഫീസ് | 30,000 |
| 4 | ലൈസൻസ് ഫീ | 4,50,000 |
| 5 | പെർമിറ്റ് ഫീ ( ബിൽഡിംഗ്)) | 38,00,000 |
| 6 | സർട്ടിഫിക്കറ്റ്/ എക്സ്ട്രാക്റ്റ് ഫീ | 25,000 |
| 7 | യൂസർചാർജ് | 26,000 |
| 8 | മറ്റ്ഫീസുകൾ | 2,50,000 |
| 9 | ഫൈൻ | 2,20,000 |
| 10 | സർവ്വീസ് /അഡ്മിനിസ്ട്രേറ്റീവ് ചാർജുകൾ | 10,000 |
| 11 | ഉൽപന്നങ്ങളുടെ വില | 75000 |

| | | |
|---|---|---|
| 12 | ഫോറം വില | 160000 |
| 13 | ഉപയോഗ ശൂന്യമായ വസ്തുക്കളുടെ വിൽപ്പന | 10000 |
| 14 | വാഹന വാടക | 100000 |
| 15 | ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ളപലിശ | 650000 |
| 16 | നിക്ഷേപങ്ങൾ കണ്ട് കെട്ടിയത് | 37000 |
| 17 | മറ്റ് വസ്തുക്കളുടെ വിൽപ്പന | 20000 |
| | ആകെ നികുതിയേര വരുമാനം | 61,70,500 |
| | **ആകെ** | 1,30,70,500 |
| | **ഗ്രാൻഡ് ഇൻഎയ്ഡ് കോൺട്രിബ്യൂഷൻ** | |
| 1 | ജനറൽ പർപ്പസ് ഫണ്ട് | 1,33,97,000 |
| 2 | വികസന ഫണ്ട് ജനറൽ | 1,74,38,000 |
| 3 | വികസന ഫണ്ട് എസ്.സി.പി | 5,89,000 |
| 4 | വികസന ഫണ്ട് ധനകാര്യകമ്മീഷൻ | 61,97,000 |
| 5 | മെയിൻറനൻസ് റോഡ് | 3,10,27, 000 |
| 6 | മെയിൻറനൻസ് നോണ് റോഡ് | 31,38,000 |
| | **ആകെ** | 7,17,86,000 |
| | പദ്ധതിയേതര ചെലവുകൾക്കു വേണ്ടിയുള്ള വരവുകൾ (പെൻഷനുകൾ) | |
| 1 | വാർദ്ധക്യകാലപെൻഷൻ | 1,70,00000 |
| 2 | വിധവാപെൻഷൻ | 1,50,00000 |
| 3 | കർഷകതൊഴിലാളിപെൻഷൻ | 80,00,000 |

| | | |
|---|---|---|
| 4 | അവിവാഹിത പെൻഷൻ | 63,00,000 |
| 5 | ഭിന്നശേഷി പെൻഷൻ | 31,00,000 |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 6,00,000 |
| | **ആകെ** | 5, 00,00,000 |
| | **കേന്ദ്രാവിഷ്കൃത ഫണ്ടുകള്** | |
| 1 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 12,00,00,000 |
| 2 | പൂരക പോഷാകാഹരം | 10,00,000 |
| 3 | ശുചിത്വ മിഷൻ-കേന്ദ്ര വിഹിതം | 8,00,000 |
| 4 | ഹെൽത്ത് ഗ്രാൻറ്-കേന്ദ്ര വിഹിതം | 10,00,000 |
| | ആകെ | 12,28,00,000 |
| | **മറ്റു വിഹിതങ്ങൾ** | |
| 1 | ശുചിത്വമിഷൻ | 5,00,000 |
| 2 | ജില്ലാ പഞ്ചായത്ത് വിഹിതം | 16,75,000 |
| 3 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 26,35,000 |
| 4 | കേരളോത്സവംഗ്രാൻറ് | 20,000 |
| 5 | സംസ്ഥാന വിഹിതം | 7,87,000 |
| 6 | ഗുണഭോക്ത് വിഹിതം | 10,00,000 |
| 7 | അവാർഡ് തുക | 3,00,000 |
| 8 | എംഎൽഎ ഫണ്ട് | 1,25,00,000 |
| 9 | കോർപ്പറേഷന് വിഹിതം | 24,80,000 |
| 10 | ഹഡ്കോ വായ്പ | 13,00,000 |

| | | |
|---|---|---|
| | ആകെ | 2,31,97,000 |
| | നിക്ഷേപങ്ങളും മുൻകൂറുകളും | |
| 1 | നിരത ദ്രവ്യം | 20,000 |
| 2 | സെക്യൂരിറ്റി നിക്ഷേപം | 100,000 |
| 3 | റിടെൻഷൻ | 35,000 |
| 4 | റിക്കവറികൾ | 25,00,000 |
| 5 | വർക്ക് ബില്ലില് നിന്നുള്ള റിക്കവറികൾ | 10,000 |
| | ആകെ വരവുകൾ | 26,65,000 |

| | | |
|---|---|---|
| | ചെലവുകൾ | |
| | എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾ | |
| 1 | ശമ്പളം | 1,85,00,000 |
| 2 | വേതനം | 8,00,000 |
| 3 | ബോണസ് | 40,000 |
| 4 | ജനപ്രതിനിധികൾക്കുള്ള ഓണറേറിയം | 25,00,000 |
| 5 | സിറ്റിംഗ് ഫീ | 2,00,000 |
| 6 | യാത്രാ ബത്ത– ജനപ്രതിനിധികൾ | 1,00,000 |
| 7 | യാത്രാ ബത്ത – ജീവനക്കാർ | 2,50,000 |
| 8 | മറ്റ് ബത്തകൾ | 90,000 |
| 9 | പെൻഷൻ കോൺട്രിബ്യൂഷൻ | 13,00,000 |
| 10 | അവധി ശമ്പളം | 8,50,000 |

| | | |
|---|---|---|
| 11 | സേവന വിരാമ ആനുകൂല്യങ്ങൾ | 5,00,000 |
| | ആകെ | 2,50,80,000 |

| | **ഭരണപരമായ ചെലവുകൾ** | |
|---|---|---|
| 1 | വാടക | 16,000 |
| 2 | ഓഫീസ്ചെലവുകൾ | 1,83,600 |
| 3 | വാർത്താവിനിമയചെലവ് | 3,50,000 |
| 4 | പുസ്തകങ്ങളും,ആനുകാലികങ്ങളും | 4,000 |
| 5 | അച്ചടിയും സ്റ്റേഷനറിയും | 3,00,000 |
| 6 | ഇൻഷൂറൻസ്/രജിസ്ട്രേഷൻ | 50,000 |
| 7 | നീതിന്യായസേവനങ്ങൾക്കുള്ളചെലവ് | 20,000 |
| 8 | പ്രൊഫഷനൽ സേവനങ്ങൾക്കുള്ള ചെലവ് | 50,000 |
| 9 | പരസ്യവും, പ്രചരണവും | 25,000 |
| 10 | മെമ്പർഷിപ്പ്/വരിസംഖ്യ | 60,000 |
| 11 | തെരഞ്ഞെടുപ്പ് ചെലവുകൾ | 4,00,000 |
| 12 | അസാധാരണ ചെലവുകൾ | 2,50,000 |
| 13 | മറ്റ് ഭരണ ചെലവ് | 1,50,000 |
| 14 | വൈദ്യുതി/ഊർജം | 8,50,000 |
| 15 | ഡീസൽപെട്രോൾ,ഓയിൽലൂബ്രിക്കന്റ് | 3,50,000 |
| 16 | വാട്ടർചാർജ് | 10,000 |
| 17 | വാഹനവാടക | 1,25,000 |

| | | |
|---|---|---|
| 18 | പൊതുകെട്ടിടം-സംരക്ഷണം,അറ്റകുറ്റപ്പണി | 37,000 |
| 19 | സംരക്ഷണം,അറ്റകുറ്റപ്പണി-ജംഗമവസ്തുക്കൾ | 3,80,000 |
| 20 | മറ്റ് നടത്തിപ്പ്, മെയിൻറനൻസ് ചെലവുകൾ | 2,50,000 |
| 21 | ബാങ്ക്ചാർജ്നൽകൽ | 1,000 |
| | ആകെ | 38,41,600 |

| | **പ്ലാൻ ചെലവുകൾ (ഉത്പാദനം)** | |
|---|---|---|
| 1 | ഇടവിള കൃഷി വികസനം | 2,50,000 |
| 2 | നെൽകൃഷി വികസനം | 50,000 |
| 3 | കുരുമുളക് കൃഷി വിസ്തൃതി വ്യാപനം | 1,00,000 |
| 4 | വാഴകൃഷി വികസനം | 1,00,000 |
| 5 | പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും- മൺചട്ടി വിതരണം. | 6,50,000 |
| 6 | നാളികേരകൃഷി വികസനം | 7,70,000 |
| 7 | കറിവേപ്പില ഗ്രാമം പദ്ധതി | 50,000 |
| 8 | കൃഷി ഓഫീസിന്റെ ദൈനംദിന ചെലവ് | 25,000 |
| 9 | കന്നുകുട്ടി പരിപാലനം | 3,00,000 |
| 10 | പാലിന് ഇൻസെൻറീവ് | 5,00.000 |
| 11 | പശു വളർത്തൽ | 5,00,000 |
| 12 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ | 50,000 |
| 13 | പച്ചക്കറി വികസനം | 85,000 |
| 14 | കറവപ്പശു വിതരണം | 3,00,000 |
| 15 | കുഞ്ഞുകരങ്ങളിൽ കുഞ്ഞുകോഴി | 1,00,000 |
| 16 | പടുതാകുളം മത്സ്യകൃഷി | 1,40,000 |
| 17 | മണ്ണ് ജല സംരക്ഷണം | 12,00,000 |
| 18 | സേവന സംരംഭങ്ങൾ | 13,00,000 |

| | | |
|---|---|---|
| 19 | മൃഗാശുപത്രിയുടെ ദൈനംദിന ചെലവ് | 25,000 |
| 20 | എ.ബി.സി പദ്ധതിക്ക് തുക കൈമാറൽ | 1,00,000 |
| | ആകെ | 65,45,000 |

| | സേവന മേഖല | |
|---|---|---|
| 1 | ഐ കെ എം ന് വിഹിതം നൽകൽ | 65,000 |
| 2 | പദ്ധതി രൂപീകരണം,നിർവഹണം, മോണിട്ടറിംഗ് | 3,50,000 |
| 3 | ടെക്നിക്കൽ അസിസ്റ്റന്റിൻറെ വേതനം നൽകൽ | 3,85,000 |
| 4 | അംഗൻവാടി പ്രവർത്തകർക്ക് ഹോണറേറിയം-തുക കൈമാറൽ | 7,00,000 |
| 5 | പഞ്ചായത്ത് ഓഫീസ്സിലെ വിവിധ ഇലക്ട്രോണിക്സ് ഉപകരണങ്ങള്ക്ക് എ.എം.സി പുതുക്കൽ | 1,10,000 |
| 6 | ഫ്രണ്ട് ഓഫീസിലേക്ക് ക്യാഷ് കൌണ്ടിംഗ് മെഷീൻ വാങ്ങൽ | 30,000 |
| 7 | പഞ്ചായത്ത് ഓഫീസിലേക്ക് പ്രൊജക്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 2,00,000 |
| 8 | പഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടർ വാങ്ങൽ | 1,50,000 |
| 9 | പ്രൊജക്റ്റ് അസിസ്റ്റന്റിന് വേതനം | 2,85,000 |
| 10 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി | 3,00,000 |
| 11 | പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ പ്രസിദ്ധീകരിക്കലും, ഡോക്യുമെൻറേഷനും | 1,00,000 |
| 12 | സ്മർട്ട് ഐ- പൊതു ഇടങ്ങളില് സി.സി.ടി.വി ക്യാമറ സ്ഥാപിക്കൽ | 5,00,000 |

| | | |
|---|---|---|
| 13 | ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങൽ | 25,000 |
| 14 | പഞ്ചായത്ത് കോംബോഡിൽ വാട്ടർ എ.ടി.എം സ്ഥാപിക്കൽ | 5,00,000 |
| 15 | ജനകീയ തെരുവ് വിളക്ക് പദ്ധതി | 1,00,000 |
| 16 | അങ്കണവാടിക്ക് സ്ഥലം വാങ്ങൽ | 2,00,000 |
| 17 | പഞ്ചായത്ത് ഓഫീസ് കെട്ടിടം റീവയറിംഗ് | 5,00,000 |
| 18 | ലൈഫ് ഭവന പദ്ധതി പൊതുവിഭാഗം | 85,00,000 |
| 19 | ആശ്രയ - അഗതിരഹിത കേരളം വീട് വാസയോഗ്യമാക്കൽ | 1,50,000 |
| 20 | pmay- ബ്ലോക്കിലേക്ക് പഞ്ചായത്ത് വിഹിതം കൈമാറൽ | 35,000 |
| 21 | വീട് വാസയോഗ്യമാക്കൽ (ജനറൽ) | 7,00,000 |
| 22 | ലൈഫ് ഭവന പദ്ധതി- അതിദരിദ്ര ഗുണഭോക്താക്കൾക്ക് വീടും, സ്ഥലവും. | 6,00,000 |
| 23 | റിംഗ് കംപോസ്റ്റ് 2025- 26 | 7,50,000 |
| 24 | പുനചക്രമണസാധ്യമല്ലാത്ത അജൈവമാലിന്യങ്ങൾ സംസ്കരിക്കൽ | 5,00,000 |
| 25 | ഹരിത കർമ്മ സേനക്കാർക്ക് പി പി എക്യുപ്മെന്റ് | 50,000 |
| 26 | ഹരിതകർമ്മസേനയുടെ ഓഫീസിന് വയറിംഗ് | 50,000 |
| 27 | യൂസർ ഫീ ഒഴിവാക്കുന്നതിന് തുക അടവാക്കൽ | 50,000 |
| 28 | എം.സി.എഫ് ന് അഗ്നിസുരക്ഷാ സംവിധാനം ഒരുക്കല് | 4,00,000 |

| | | |
|---|---|---|
| 29 | ഉറസ്സായ കുടിവെള്ള കിണർ ശുചിത്വ കിണറാക്കി മാറ്റൽ (ആൾമറ) | 1,00,000 |
| 30 | ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് ടോയ്ലറ്റ് | 1,00,000 |
| 31 | ഐ.ഇ. സി പ്രവർത്തനങ്ങൾ | 25,000 |
| 32 | ആയുർവേദ ആശുപത്രിക്ക്  – മരുന്നു വാങ്ങൽ | 8,00,000 |
| 33 | യുനാനി ഔഷധങ്ങള് വാങ്ങൽ | 3,00,000 |
| 34 | ആയുർവേദ ഡിസ്പെൻസറിക്ക് ദൈനംദിന ചെലവുകൾ. | 25,000 |
| 35 | കുട്ടികൾക്ക്  യോഗാ പരിശീലനം | 1,00,000 |
| 36 | ശാരീരിക–മാനസികവെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 11,01,100 |
| 37 | അംഗൻവാടി പോഷകാഹാര പരിപാടി | 28,00,000 |
| 38 | ശിശുമന്ദിരംപോഷകാഹാര പരിപാടി | 1,00,000 |
| 39 | പെൺകുട്ടികൾക്ക് കളരി പരിശീലനം | 50,000 |
| 40 | മൌവേരി അംഗനവാടിയുടെ മാസവാടക അടവാക്കൽ | 7,000 |
| 41 | കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർക്ക് ഹോണറേറിയം നൽകൽ | 2,04,000 |
| 42 | അങ്കണവാടി കലോത്സവം. | 75,000 |
| 43 | വയോജന സൌഹൃദ പഞ്ചായത്ത് തുടർപ്രവർത്തനങ്ങള് | 50,000 |
| 44 | സ്ത്രീ സൌഹൃദ ജില്ല– തുടർ പ്രവർത്തനങ്ങൾ | 1,00,000 |
| 45 | വയോജന കലോത്സവം | 50,000 |
| 46 | ഭിന്നശേഷി കലോത്സവം. | 50,000 |

| | | |
|---|---|---|
| 47 | സ്ത്രീ സൌഹൃദ ജിംനേഷ്യം | 2,00,000 |
| 48 | വനിതകൾക്ക് ശിങ്കാരിമേളം പരിശീലനവും ഉപകരണങ്ങൾ വാങ്ങിനൽകലും. | 2,00,000 |
| 49 | ശിശുമന്ദിരത്തിന് കസേര, ഉപകരണങ്ങൾ വാങ്ങൽ | 1,00,000 |
| 50 | ഐ.സി.ഡി.എസ് ഓഫീസിലേയും അങ്കണവാടികളുടെയും പ്രവർത്തന ചെലവ്. | 25,000 |
| 51 | എസ്.എസ്.കെ. വിഹിതം നൽകൽ | 7,00,000 |
| 52 | സ്കൂളുകൾക്ക് പത്രം വിതരണം | 30,000 |
| 53 | സാംസ്കാരിക സ്ഥാപനങ്ങൾക്ക് പത്രം വിതരണം | 35,000 |
| 54 | സൈറ്റൽ പ്ലസ്- സമഗ്ര തുടർ വിദ്യാഭ്യാസ പദ്ധതി. | 50,000 |
| 55 | ഡിജി കണ്ണൂർ- സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത പദ്ധതി. | 20,000 |
| 56 | പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല | 50,000 |
| 57 | പ്ലസ് വൺ തുല്യത പരീക്ഷ ഫീസ് ഒടുക്കൽ | 50,000 |
| 58 | അംഗീകൃത ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം | 70,000 |
| 59 | കേരളോത്സവം | 1,25,000 |
| 60 | ബാലസഭ കുട്ടികൾക്ക് ഫുഡ്ബോള് പരിശീലനം- സ്റ്റാമിന 2024-25 | 1,50,000 |
| 61 | ജീവിതമാണ് ലഹരി -ലഹരിയല ജീവിതം | 20,000 |
| 62 | അതിദരിദ്രർക്ക് ഭക്ഷണം നൽകൽ | 1,00,000 |
| 63 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ | 3,00,000 |
| 64 | എഫ്.എച്ച്.സി ക്ക് മരുന്നു വാങ്ങൽ | 8,00,000 |

| | | |
|---|---|---|
| 65 | സാന്ത്വന പരിചരണ പദ്ധതി | 10,50,000 |
| 66 | FHC ക്ക് പത്രം വിതരണം | 4,000 |
| 67 | FHC ക്ക് ഉപകരണങ്ങൾ വാങ്ങൽ | 30,000 |
| 68 | പിഎച്ച്സിയിൽ താൽക്കാലിക, പാരാമെഡിക്കൽസ്റ്റാഫ് എന്നിവർക്ക് വേതനം നൽകൽ | 5,00,000 |
| 69 | കുടുംബാരോഗ്യ കേന്ദ്രത്തിലെ മാലിന്യ സംസ്കരണം. | 25,000 |
| 70 | ഹാപ്പി മോം പദ്ധതി | 50,000 |
| 71 | FHC പ്രതിരോധ പ്രവര്ത്തനങ്ങൾക്ക് വാഹന വാടക | 30,000 |
| 72 | കണ്ണൂർ ഫൈറ്റ് കാൻസർ- സമഗ്ര കാൻസർ നിയന്ത്രണ പരിപാടി. | 20,000 |
| 73 | എഫ്.എച്ച്.സിയുടെ ദൈനംദിന ചെലവുകൾ | 75,000 |
| 74 | അതിദരിദ്രർക്കുള്ളപദ്ധതി ചികിത്സ | 5,000 |
| 75 | അസിസ്റ്റന്റ് എഞ്ചിനീയർക്ക് വാഹനം വാടകയ്ക്ക് എടുക്കൽ | 4,50,000 |
| | ആകെ | 2,75,86,100 |
| | **പശ്ചാത്തല മേഖല** | |
| 1 | മൌവേരി കുടിവെള്ള പദ്ധതി നവീകരണം | 08,75,500 |
| 2 | വിവിധ ഗ്രാമീണ റോഡുകള് നവീകരണം | 3,38,98,400 |
| 3 | റോഡ് നിർമ്മാണം | 50,00,000 |
| 4 | വിവധ അങ്കണവാടികളുടെ പുനരുദ്ധാരണം. | 4,00,000 |
| 5 | ശിശുമന്ദിരം നവീകരണം | 1,50,000 |
| 6 | കുറ്റേരികുന്ന് കുടിവെള്ള പദ്ധതി നവീകരണം | 3,00,000 |
| 7 | എം.സി.എഫ് നവീകരണം. | 5,85,000 |

| | | |
|---|---|---|
| 8 | തെരുവ് വിളക്ക് വാങ്ങൽ | 1,00,000 |
| 9 | കോട്ടയം കൺവെൻഷൻ സെൻറർ | 1,00,00,000 |
| | ആകെ | 5,13,09900 |
| | പട്ടികജാതി വിഭാഗം | |
| 1 | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ (പട്ടികജാതി) | 1,50,000 |
| 2 | എസ് സി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം | 1,25,000 |
| 3 | മിശ്രവിവാഹ  ധനസഹായം (പട്ടികജാതി) | 1,50,000 |
| 4 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 164000 |
| | | 5,89,000 |
| | പദ്ധതിയേതര ചെലവുകൾ (പെൻഷനുകൾ) | |
| 1 | വാർദ്ധക്യകാലപെൻഷൻ | 1,70,00,000 |
| 2 | വിധവാപെൻഷൻ | 1,50,00,000 |
| 3 | കർഷകതൊഴിലാളിപെൻഷൻ | 80,00,000 |
| 4 | അവിവാഹിത പെൻഷൻ | 63,00,000 |
| 5 | വികലാംഗപെൻഷൻ | 31,00,000 |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 6,00,000 |
| | ആകെ | 5, 00,00,000 |
| | കേന്ദ്രാവിഷ്കത ഫണ്ടുകൾ ചെലവ് | |
| | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | |
| 1 | പ്രകൃതി വിഭവപരിപാലനം (മഴക്കുഴി, മൺവരമ്പ്, തോട്സംരക്ഷണം, കുളം സംരക്ഷണം) | 10,00,00,000 |
| 2 | ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ(റോഡ്,നടപ്പാത) | 2,00,00,000 |
| | ആകെ | 12,00,00,000 |
| 1 | നിക്ഷേപങ്ങളും മുൻകൂറുകളും- ചെലവ് | |

| | | |
|---|---|---|
| | നിരത ദ്രവ്യം | 10,000 |
| 2 | സെക്യൂരിറ്റി നിക്ഷേപം | 75,000 |
| 3 | റിടെൻഷൻ | 25,000 |
| 4 | റിക്കവറികൾ | 25,00,000 |
| 5 | വർക്ക് ബില്ലില് നിന്നുള്ള റിക്കവറികൾ | 10,000 |
| | ആകെ | 26,20,000 |

| സംഗ്രഹം | |
|---|---|
| മുൻ ബാക്കി | 89,30,380 |
| വരവുകൾ | 28,08,53,500 |
| ആകെ | 28,97,83,880 |
| ചെലവ് | 28,62,71,600 |
| നീക്കി ബാക്കി | 35,12,280 |

2025-26 വർഷത്തെ വാർഷിക ബഡ്ജറ്റ് അവതരണത്തിനായി വിളിച്ച ചേർത്ത പ്രത്യേക ഭരണസമിതി യോഗത്തിൽ അധ്യക്ഷം വഹിക്കുകയും ആമുഖാവതരണം നടത്തുകയും ചെയ്ത ബഹുമാനപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, വിവിധ സ്ഥിരം സമിതി അദ്ധ്യക്ഷൻമാർ, മറ്റ് ഭരണസമിതി അംഗങ്ങൾ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഗ്രാമപഞ്ചായത്ത് ആസൂത്രണ സമിതി അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ഗ്രാമപഞ്ചായത്തിന്റെ ജീവനക്കാർ, മറ്റ് സന്നദ്ധ പ്രവർത്തകർ തുടങ്ങി എല്ലാവർക്കും നന്ദി അറിയിച്ച കൊണ്ട് ഈ ബഡ്ജറ്റ് ചർച്ചക്കായി നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നു.

എം ധർമ്മജ

വൈസ്പ്രസിഡണ്ട്& ചെയർപേഴ്സൺ

ധനകാര്യ സ്ഥിരം സമിതി

കോട്ടയം ഗ്രാമപഞ്ചായത്ത്